ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

**A statutory and autonomous body, Government of Kerala**

Kailasam, T.C. 24/3219, No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram – 695 003: Phone :0471- 2724740
Email: kerala.sbb@kerala.gov.in, Website: www.keralabiodiversity.org
Toll free No: 1800 425 5383

നം.1001/എ8/2023/കെ.എസ്.ബി.ബി. 16.09.2023

## റീനോട്ടിഫിക്കേഷൻ

*(07.08.2023 ലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടിക്കൊണ്ടുള്ള പുനർവിജ്ഞാപനം)*

**പുഴയോര ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് താൽപ്പര്യമുള്ള ജൈവവൈവിധ്യ പരിപാലന സമിതികളിൽ (ബി.എം.സി. കളൾ) നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു:**

കേരളത്തിലെ പുഴകളും പുഴയോര ആവാസവ്യവസ്ഥകളും വൈവിധ്യമാർന്ന നിരവധി സസ്യ-ജന്തുജാലങ്ങളാൽ സമ്പന്നമാണ്. പുഴയോര ആവാസവ്യവസ്ഥകൾ പുഴകളുടെ പാരിസ്ഥിതിക സംതുലനം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണം, ആവാസകേന്ദ്രങ്ങളുടെ പരിവർത്തനം തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ പുഴകൾ അനുദിനം നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. മേൽസാഹചര്യത്തിൽ, പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുഴകളിലെ ജലത്തിന്റെ അളവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനുമായി, **പുഴയോര ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ** എന്ന പദ്ധതി ബോർഡിന്റെ 2023-24 ലെ പ്ലാൻ സ്കീമിലുൾപ്പെടുത്തി പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

മേൽസൂചിപ്പിച്ച പ്രകാരം പുഴയോര ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കുന്നതിനായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൽപ്പരരായിട്ടുള്ള ബി.എം.സി. കളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ:**

1. **പുഴയോര ആവാസവ്യവസ്ഥകളിലാവണം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കേണ്ടത്. കുറഞ്ഞത് 50 സെന്റ് സ്ഥല വിസ്തൃതിയെങ്കിലും പദ്ധതി പ്രദേശത്തിനുണ്ടായിരിക്കണം.**
2. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായിട്ടുള്ള ഘടക പ്രവർത്തനങ്ങളുടെ വിശദമായ ബജറ്റ് സഹിതമാവണം ബജറ്റ് എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടത്.
3. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ പ്രവർത്തികൾ ഉൾക്കൊള്ളിക്കാൻ പാടുള്ളതല്ല.
4. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും തെരഞ്ഞെടുക്കുന്നവയ്ക്ക് ബോർഡിൽ നിന്നും അറിയിപ്പ് നൽകുന്നതായിരിക്കും.

5. പ്രൊപ്പോസലുകൾക്കൊപ്പം ബി.എം.സി. യുടെ അക്കൗണ്ട് വിശദാംശങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.
6. പ്രൊപ്പോസൽ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുബന്ധ വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോളേജുകൾ, ബോർഡിന്റെ ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ (ടി.എസ്.ജി.), പരിസ്ഥിതി ജൈവവൈവിധ്യ മേഖലയിലെ സന്നദ്ധ സംഘടനകൾ എന്നിവരുടെ സാങ്കേതിക സഹായം ബി.എം.സി. യ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
7. പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ അതാത് തദ്ദേശസ്ഥാപനങ്ങളിലെ തൊഴിലുറപ്പു പദ്ധതി, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തം പരമാവധി ഉൾപ്പെടുത്തേണ്ടതാണ്.
8. പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.
9. ഈ സ്കീമിന്റെ ഭാഗമായി **പുഴയോരമല്ലാത്ത സ്ഥലങ്ങളിലെ ജൈവവൈവിധ്യ പാർക്കിനുള്ള പ്രൊപ്പോസലുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**
10. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും അനുയോജ്യമായവ ബോർഡിന്റെ വിദഗ്ദതല സമിതി തിരഞ്ഞെടുക്കുന്നതാണ്. പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.
11. തിരഞ്ഞെടുക്കുന്ന ബി.എം.സി.യ്ക്ക് പരമാവധി 10 ലക്ഷം രൂപ ബോർഡിൽ നിന്നും അനുവദിക്കുന്നതായിരിക്കും. അധികമായി വരുന്ന തുക തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വകയിരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ചതിൻ പ്രകാരം താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി. എം.സി. കൾക്ക് **അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ** താഴെപ്പറയുന്ന വിലാസത്തിലോ, ഇ-മെയിലിലൂടെയോ പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.

**പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട അവസാന തീയതി: 30.09.2023**

**പ്രൊപ്പോസലുകൾ അയക്കേണ്ട വിലാസം:**

മെമ്പർ സെക്രട്ടറി
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
'കൈലാസം', ടി.സി. 24/3219, നം.43, ബെൽഹാവൻ ഗാർഡൻസ്
കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003
**ഇ-മെയിൽ - kerala.sbb@kerala.gov.in**

**ഡോ. സി. ജോർജ്ജ് തോമസ്**
**ചെയർമാൻ**

A8/E/Riparian BD Parks 2023-24

അനുബന്ധം

## പുഴയോര ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ

## ബി.എം.സി - പദ്ധതി സമർപ്പണ മാതൃക

| | | | |
|---|---|---|---|
| 1. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, ജില്ല | : | |
| 2. | പദ്ധതിയുടെ തലക്കെട്ട്/ തിരഞ്ഞെടുത്ത പുഴയോര ആവാസവ്യവസ്ഥ | : | |
| 3. | ആമുഖം | : | |
| 4. | പദ്ധതിയുടെ പ്രാധാന്യം | : | |
| 5. | ലക്ഷ്യങ്ങൾ | : | |
| 6. | പദ്ധതി പ്രദേശം (വിസ്തൃതി ഉൾപ്പെടെ) | : | |
| 7. | നടപ്പിലാക്കുന്ന രീതി | : | |
| 8. | പദ്ധതി പ്രവർത്തന കലണ്ടർ | : | |
| 9. | ബഡ്ജറ്റ് എസ്റ്റിമേറ്റ് | : | |
| 10. | പ്രയോജനങ്ങൾ/നേട്ടങ്ങൾ | : | |
| 11. | മോണിറ്ററിംഗ് സംവിധാനം, സാങ്കേതിക സഹായം | : | |
| 12. | പദ്ധതിയുടെ ആകെ ബഡ്ജറ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന് ചെലവാക്കാവുന്ന തുക എത്ര? | : | |
| 13. | പ്രസ്തുത മാതൃകയിൽ ഇതിനുമുൻപ് ഏതെങ്കിലും പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക. | : | |
| 14. | പ്രസ്തുത പദ്ധതിയ്ക്കായി മറ്റു സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക. | : | |
| 15. | പദ്ധതി ബി.എം.സി അംഗീകരിച്ച തീരുമാനം നമ്പർ, തീയതി. | : | |
| 16. | പദ്ധതി തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതി അംഗികരിച്ച തീരുമാന നമ്പർ, തീയതി | : | |

പദ്ധതി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നിർദ്ദേശപ്രകാരം സമയബന്ധിതമായി നടപ്പിലാക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

ഒപ്പ് | ഒപ്പ്

ബി.എം.സി ചെയർപേഴ്സൺ | ബി.എം.സി സെക്രട്ടറി

സീൽ